# അമ്മയും കുഞ്ഞും പദ്ധതി

# JSSK -(ജനനി ശിശു സുരക്ഷാ കാര്യക്രം)

ഭാരത സർക്കാർ അമ്മയുടേയും കുഞ്ഞിൻെറയും ആരോഗ്യ സംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് JSSK. കേരളത്തിൽ ഇത് അമ്മയും കുഞ്ഞും എന്ന പേരിൽ നടപ്പിലാക്കി വരുന്നു. സർക്കാർ ആശുപത്രിയിൽ ചികിത്സതേടുന്ന എല്ലാ ഗർഭിണികൾക്കും 30 ദിവസം വരെയുള്ള നവജാതശിശുകൾക്കും ആവശ്യമായ ചികിത്സച്ചെലവ് , ലാബ് പരിശോധന. രക്തം നൽകൽ പ്രസവത്തിനായി ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാസൗകര്യം., പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ ഭക്ഷണം എന്നിവ സൗജന്യമായി നൽകുന്നതാണ്.

**ഗർഭിണികൾക്കുള്ള അവകാശങ്ങൾ:-**

- സൗജന്യ പ്രസവചികിത്സയും സിസേറിയൻ ശസ്ത്രക്രീയയും
- സൗജന്യ മരുന്നുകളും മറ്റ് ചികിത്സാ ചിലവുകളും
- സ്കാനിംഗ് ഉൾപ്പെടെ സൗജന്യ ലാബ് പരിശോധന
- സാധാരണ പ്രസവത്തിന് 3 ദിവസവും സിസേറിയൻ ശസ്ത്രക്രീയയ്ക്ക് 7 ദിവസവും സൗജന്യ താമസവും ഭക്ഷണവും (Pay ward ഉപയോഗിച്ചാൽ വാടക ഇതിൽ പെടില്ല.
- രക്തം ആവശ്യമെങ്കിൽ സൗജന്യമായി രക്തം
- പ്രസവത്തിനായി വീട്ടിൽ നിന്നും ആരോഗ്യസ്ഥാപനങ്ങളിലേക്കും തിരിച്ച് വീട്ടിലേക്കും റഫർ ചെയ്യുകയാണെങ്കിൽ റഫറൽ ആസുപത്രിയിലേക്കും സൗജന്യ യാത്രാസൗകര്യം

- എല്ലാത്തരം ആശുപത്രി സംബന്ധമായ യൂസർഫീസും (ഒ.പി ടിക്കറ്റ് ചാർജ്ജ് തുടങ്ങിയവ ഒഴിവാക്കുന്നു.
- പ്രസവാനന്തരം 42 ദിവസം വരെ കിടത്തി ചികിത്സ വേണ്ടി വന്നാൽ ചികിത്സാ ചെലവുകൾ സൗജന്യം

**ജനിച്ച് 30 ദിവസം വരെ നവജാതശിശുക്കൾക്കുള്ള അവകാശങ്ങൾ:-**

- സൗജന്യ മരുന്നും മറ്റ് പരിശോധന / ചികിത്സാ സൗകര്യങ്ങളും
- സൗജന്യ ലാബ് പരിശോധന
- വീട്ടിൽ നിന്നും ആരോഗ്യ സ്ഥാപനങ്ങളിലേക്കും തിരിച്ച് വീട്ടിലേക്കും സൗജന്യ യാത്ര.
- റഫറൽ ചികിത്സാർത്ഥം മറ്റ് ആശുപത്രികളിലേക്കും സൗജന്യ യാത്ര.

മേൽ പറഞ്ഞ സൗകര്യങ്ങളുള്ള സർക്കാർ ആശുപത്രികളിൽ ഗർഭിണിക്കും/ അമ്മയ്ക്കും കുഞ്ഞിനും (ഒ.പി ടിക്കറ്റ് ചാർജ്ജ് ഉൾപ്പെടെ എല്ലാ ചിലവുകളും സൗജന്യമായി ലഭിക്കും. സംശയങ്ങൾക്ക് ആശുപത്രി Public Relation Officer മായി ബന്ധപ്പെടുക.ഇതിന് പ്രത്യേകമായി അപേക്ഷ ഫോമിൻെറ ആവശ്യമില്ല.